(ബി) എങ്കിൽ ബി.കോം., ബി.എ., സോഷ്യോളജി വിഷയങ്ങൾക്കുകൂടി ബി.എഡ്. കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സെറ്റും സെക്കന്റ് ക്ലാസ് ബിരുദാനന്തര ബിരുദവും ഉള്ളവർക്ക് ബി. എഡ്. ഇല്ലാതെ തന്നെ എച്ച്. എസ്. എസ്. ടി. പോസ്റ്റിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിക്കുന്നതാണ്.

(സി) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ഇല്ലാത്തവരുടെ അഭാവത്തിൽ ബന്ധപ്പെട്ട ഫാക്കൽറ്റിയിലോ അതുമല്ലെങ്കിൽ മറ്റേതെങ്കിലും വിഷയത്തിലോ ബി.എഡ്. ഉള്ളവരെ ഇപ്പോൾത്തന്നെ എച്ച്. എസ്. എസ്. ടി. നിയമനങ്ങൾക്കു പരിഗണിക്കുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥയുണ്ട്.

ഗ്രന്ഥശാലകളുടെ ഫണ്ടും ആധുനികവൽക്കരണവും

137 [3663] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രന്ഥശാലകൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗീകാരമുള്ള വായനശാലകളുടെ ജില്ലതിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(സി) കേരള ഗ്രന്ഥശാലാസംഘത്തിന് നിയമപരമായി ലഭിക്കാവുന്ന ഗ്രാന്റുകളും ആനുകൂല്യങ്ങളും ഏതൊക്കെയാണ്; ഇതുപ്രകാരം പ്രതിവർഷം അനുവദിക്കാവുന്ന തുക അറിയിക്കാമോ;

(ഡി) 2001-2002, 2002-2003, 2003-2004, 2004-2005 വർഷങ്ങളിൽ ഗ്രാന്റ്, ലൈബ്രറിസെസ്സ് ഇനങ്ങളിലായി ഗ്രന്ഥശാലാസംഘത്തിന് കൊടുത്ത തുക എത്രയാണ്;

LIBRARY ARCHIVES,Kerala Legislative Assembly

(ഇ) ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും കുടിശ്ശിക വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കൊടുത്തുതീർക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(എഫ്) വിവരസാങ്കേതിക രംഗത്തെ മാറ്റങ്ങൾക്ക് അനുസൃതമായി ഗ്രന്ഥശാലകളെ ആധുനികവൽക്കരിക്കാൻ ആവിഷ്ക്കരിച്ചിട്ടുള്ള പരിപാടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അഫിലിയേറ്റ് ചെയ്ത് ഗ്രന്ഥശാലകളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	..	606
കൊല്ലം	..	525
ആലപ്പുഴ	..	309
പത്തനംതിട്ട	..	244
കോട്ടയം	..	432
ഇടുക്കി	..	230
എറണാകുളം	..	466
പാലക്കാട്	..	391
തൃശ്ശൂർ	..	504
വയനാട്	..	142
മലപ്പുറം	..	323
കോഴിക്കോട്	..	424
കണ്ണൂർ	..	676
കാസറഗോഡ്	..	187

(സി) കേരള പബ്ലിക് ലൈബ്രറീസ് ആക്ട് അനുസരിച്ച് കേരള ഗവൺമെന്റ് വിദ്യാഭ്യാസ ബഡ്ജറ്റിന്റെ ഒരുശതമാനത്തിൽ കവിയാത്ത തുക അനുവദിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ലോക്കൽ ലൈബ്രറികളുടെ ചെലവുകൾക്ക് മദ്രാസ്സ് പബ്ലിക് ലൈബ്രറീസ് ആക്ട് പ്രകാരവും തുക അനുവദിക്കുന്നുണ്ട്. ഇതിനു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന കെട്ടിടനികുതിയുടെ 5% തുക ലൈബ്രറി സെസ്സായി ലഭിക്കുന്നുണ്ട്. ഓരോ വർഷത്തെയും ബഡ്ജറ്റിൽ വകകൊള്ളിക്കുന്ന തുകയാണ് ഗ്രാന്റായി അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഇ) പ്രവർത്തന സജ്ജമായ ഗ്രന്ഥശാലകൾക്കൊന്നുംതന്നെ കൗൺസിലിൽ നിന്ന് കുടിശ്ശിക നൽകാനില്ല.

(എഫ്)(1) സേവന കേന്ദ്രം (റൂറൽ ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സെന്റർ) വിജ്ഞാനം ഗ്രാമീണതലങ്ങളിലേക്ക് എത്തിക്കുന്നതിന് ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഈ കേന്ദ്രം ഓരോ ജില്ലയിലും ഓരോന്നുവീതം പ്രവർത്തിക്കുന്നു.

(2) അക്കാഡമിക് സ്റ്റഡി സെന്റർ, വിദൂര വിദ്യാഭ്യാസത്തിനും സമാന്തര വിദ്യാഭ്യാസത്തിനും പ്രാമുഖ്യം നൽകി കമ്പ്യൂട്ടറിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നു.

(3) താലൂക്ക് റഫറൻസ് ലൈബ്രറികൾ:-
ഇന്റർനെറ്റ് - ഇ മെയിൽ സംവിധാനത്തോടെ കമ്പ്യൂട്ടറൈ സേഷൻ നടപ്പിലാക്കി എല്ലാ താലൂക്കുകളിലും ഒന്നുവീതം പ്രവർത്തിക്കുന്നു.

(4) ലൈബ്രറികളുടെ കാറ്റലോഗിംഗ് ക്ലാസിഫിക്കേഷൻ രീതികൾക്കും ലൈബ്രറി മാനേജുമെന്റിനുമായി മലയാളം അടിസ്ഥാന മാക്കിയിട്ടുള്ള സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(5) ആധുനിക സംവിധാനത്തോടെ 5 ജില്ലകളിൽ ജില്ലാ ലൈബ്രറികൾ പ്രവർത്തിക്കുന്നു.

(6) കൂടുതൽ ഗ്രന്ഥശാലകളെ ആധുനിക വിവര സാങ്കേതിക വിദ്യയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പ്രോജക്ടുകൾ തയ്യാറാകുന്നുണ്ട്.

തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

138 [3664] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly